പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1012 02.12.2015 ൽ

മറുപടിയ്ക്ക്

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എസ്. ശർമ്മ<br>" സി. കെ. സദാശിവൻ<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; വിശദാംശം അറിയിക്കുമോ; | എ) | ഉണ്ട്. വിലയിരുത്തുന്നതിനായി ജില്ലാ/ഉപജില്ലാ മാനേജർമാരുടെ ത്രൈമാസ അവലോകന യോഗങ്ങളും വിവിധ സർക്കാർ ഏജൻസികൾ വഴി അവലോകന പഠനങ്ങളും, കാലാകാലങ്ങളിൽ നടത്താറുണ്ട്. |
| ബി) | കോർപ്പറേഷൻ എസ്. എൻ. ഡി. പി. യോഗത്തിന് മൈക്രോ ക്രഡിറ്റ് വായ്പയായി നല്കിയ തുകയെത്രെയെന്ന് അറിയിക്കുമോ; വായ്പാ കരാറിന്റെ വിശദാംശം നല്കമോ; പകർപ്പ് ലഭ്യമാക്കുമോ; | ബി) | 2003 മുതൽ 2014 വരെയുള്ള കാലയളവിൽ 15.85 കോടി രൂപ വായ്പയായി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വായ്പാ നല്കിയ തീയതി | വായ്പാ നമ്പർ | വായ്പാ തുക |
|---|---|---|---|
| 1 | 31-03-2003 | 20103433 | 5000000 |
| 2 | 10-06-2004 | 20104635 | 5000000 |
| 3 | 20-11-2004 | 20105040 | 10000000 |
| 4 | 25-06-2005 | 20105689 | 10000000 |
| 5 | 31-03-2006 | 20106372 | 17500000 |

| | | | |
|---|---|---|---|
| 6 | 27-03-2008 | 20108896 | 20000000 |
| 7 | 25-08-2009 | 20110805 | 41000000 |
| 8 | 19-06-2014 | 20116300 | 50000000 |
| | | ആകെ | 158500000 |

വായ്പാ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| സി) | വായ്പ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ്; അവ ലംഘിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയുടെ ഫലം എന്തായിരുന്നു; വിശദാംശം നല്കുമോ; | സി) | 1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.<br>2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.<br>3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരാ യിരിക്കണം.<br>4. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000/- രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിൽ താഴെ ആയിരിക്കണം.<br>5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ട താണ്.<br>6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരാമവധി വായ്പ 25,000/- രൂപ. |
| ഡി) | നിബന്ധനകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും ഓരോ കേസ്സിലും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | ഡി) | 2009-10-ൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കൊല്ലത്ത് 5% പലിശയ്ക്ക് നല്കേണ്ട വായ്പ 12 % പലിശയ്ക്കാണ് സ്വയം സഹായ സംഘാംഗങ്ങൾക്ക് നല്കിയത് എന്ന് കണ്ടെത്തുകയുണ്ടായി എന്നാൽ റിപ്പോർട്ടിൽ സൂചിപ്പിച്ച കാലയളവിൽ സ്വയം സഹായ സംഘങ്ങൾക്ക് തന്നെ അംഗങ്ങളിൽ നിന്നീടാക്കാവുന്ന പലിശ നിശ്ചയിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇക്കാര്യം അക്കൗണ്ടന്റ് ജനറലിന് നല്കിയ മറുപടിയിൽ |

| | | | |
|---|---|---|---|
| | | | രേഖാമൂലം അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നിലവിലില്ലാത്തതാണ്. എന്നാൽ 2012-ൽ കോർപ്പറേഷൻ Micro Finance Guidelines-ൽ ഭേദഗതി വരുത്തുകയും സ്വയം സഹായ സംഘങ്ങൾ അംഗങ്ങൾക്ക് നല്കുന്ന വായ്പാ പലിശ 5% ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. അപ്രകാരമാണ് 2014-ൽ SNDP -ക്ക് അനുവദിച്ച് വായ്പ കരാർ വെച്ചിട്ടുള്ളത്. പ്രസ്തുത വായ്പ പ്രകാരം SNDP-ക്ക് നല്കിയ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുകയും ആയത് Field Verification നടത്തിവരികയുമാണ്. |

**സെക്ഷൻ ഓഫീസർ**